**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1437** **14-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടയത്തിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ കുഴുപ്പിള്ളി വില്ലേജിൽ കളത്തിപ്പറമ്പ് വീട്ടിൽ ഗോപാലൻ മകൻ ഹരി ഉൾപ്പെടെ അഞ്ചുപേർ വർഷങ്ങളായി താമസിക്കുന്ന ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കുഴുപ്പിള്ളി വില്ലേജ്, റീസർവേ 283/8, 12 എന്നിവയിൽപ്പെട്ട തോട് പുറമ്പോക്കിൽപ്പെട്ട ഭൂമി പതിച്ചു കിട്ടുന്നതിനായി ശ്രീ.ഹരി മുതൽ പേർ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുകയും റീസർവേ 283/8-ൽപ്പെട്ട തോട് പുറമ്പോക്കിനെ 283/12 എന്നാക്കി സബ്ഡിവിഷൻ ചെയ്ത് 57.30ആർ വസ്തു സർക്കാർ പുറമ്പോക്ക് ആക്കി മാറ്റിയിട്ടുള്ളതാണ്. |
| (ബി) | ഇതുസംബന്ധിച്ച് റവന്യൂ വകുപ്പിലെ 167/എ3/2016 നമ്പർ ഫയലിലും എറണാകുളം ജില്ലാ കളക്ട്രേറ്റിലെ എൽ1-62885/11 നമ്പർ ഫയലിലും സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയെന്നും പട്ടയം എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ബി) | എറണാകുളം ജില്ലാ കളക്ട്രേറ്റിലെ എൽ1-62885/11 നമ്പർ ഫയലിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സർക്കാരിലേയ്ക്ക് അയയ്ക്കുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ 167/എ3/2016/റവ നമ്പർ ഫയലിൽ നടപടി സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമായ ഭൂമി റവന്യൂ ഭൂമിയായി പുനർ നിക്ഷിപ്തമാക്കുന്നതിലേയ്ക്കായി ഫയൽ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത വകുപ്പിൽ നിന്നും അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ